

# ദ്രവിച്ച ഓർമകൾ



- An Indo-Canadian

ഫോൺ അടിച്ചു ഒരു പ്രാവശ്യം മാത്രം അതിനർത്ഥം അപ്പച്ചനാണെന്നാണ്. അപ്പച്ചൻ പറഞ്ഞിരുന്നു,

“ഫോൺ ഒന്നുമാത്രം അടിച്ചാൽ, അതുമിക്കവാറും ഞാനായിരിക്കും” നാട്ടിൽ നിന്നുവിളി? ചിലവുണ്ട്

ഞാൻ ഉടനെ തിരിച്ചുവിളിച്ചു

അപ്പച്ചൻ, “നമ്മുടെ രാമൻ മരിച്ചുപോയി!” ഞാൻ സ്തംഭിച്ചു! പക്ഷേ മൂളിക്കേട്ടു, അവന് കുടലിന്റെ അസുഖം ആയിരുന്നു. നാലുദിവസം പുഷ്പഗിരി ആശുപത്രിയിൽ കിടന്നു. പക്ഷേ രക്ഷപെട്ടില്ല! ഞാൻ യാന്ത്രികമായി ഫോൺ താഴെവെച്ചു. സ്വയം മന്ത്രിച്ചു. “രാമൻകുട്ടി മരിക്കുകയുമില്ല!” രാമൻകുട്ടി, ഞങ്ങളുടെ, കുടികിടപ്പുകാരൻ, പാപ്പി പുലയന്റെ, ഏറ്റവും ഇളയമകൻ! നാൽപ്പത് വർഷങ്ങൾക്ക് മുൻപ് നടന്ന സംഭവം, ഇന്നും അന്നുപോലെ ഓർക്കുന്നു! ഓണക്കാലം! മഴയുണ്ട് വെള്ളപ്പൊക്കമുണ്ട് കലക്കലുണ്ട് ആ ദിവസം പമ്പാനദിയിൽ വള്ളം കളിയാണ്. രാമൻ, രാവിലെ വീട്ടിൽ വന്നിരുന്നു. ഞങ്ങൾ ബാല്യകാല ചങ്ങാതികളായിരുന്നു. അവനും എനിക്കും വയസ്സ് പന്ത്രണ്ട്!

സുന്ദരൻ! ശ്രീകൃഷ്ണന്റെ തനിരൂപം! ദേഹവടിവ് ചുരുളൻ മുടി!

അവൻ, “കൊച്ചമ്പ്രാ, വള്ളം കളിക്ക് തുഴക്കാർക്ക് റവങ്ങാഴിയിൽ ആട്ടിറച്ചിവെട്ടുന്നുണ്ട്. ആവശ്യക്കാർക്ക്, അത് വിൽക്കുന്നുമുണ്ട് !”

ഞാൻ, “രാമാ, അതിന് എനിക്കെവിടാ പണം”

അവൻ, “അമ്മച്ചി തരും”

അമ്മച്ചി രാമനോട്, “നീ ആ തൈത്തെങ്ങിൽ കയറി അഞ്ചുതേങ്ങാ പിരിക്ക്!”

പന്ത്രണ്ടുക്കാരനാണെങ്കിലും, അവനതിനൊക്കെ തന്റേടമുണ്ട്.

അവൻ കാർത്ത്യായനി ചോവത്തിയുടെ കടയിൽ ചെന്ന് തേങ്ങ കാശാക്കി, ഇറച്ചി കൊണ്ടുവന്നു! വെങ്ങാഴി വീട്ടിൽ, ഉച്ചഭക്ഷണം കഴിഞ്ഞ്, 'ഷോട്ട്' ചുണ്ടൻ വള്ളത്തിൽ തുഴയുവാൻ തുഴക്കാർ തയ്യാറെടു

ക്കുകയാണ്! വയറു നിറഞ്ഞാൽ ശരിക്കും തുഴയുമോ? ആർക്കറിയാം! വീട്ടിൽ എന്റെ ഏറ്റവും ഇളയ അങ്കിൾ വന്നിരുന്നു, കോതമംലത്തു നിന്ന്!

ഞാനും, രാമനും, അങ്കിളും ആട്ടിറച്ചി ആസ്വദിച്ചു വിരലുകൾ നക്കി!

ഞങ്ങളുടെ വീട് ആറ്റിനരികിലാണ്. ആറും, വീടും തമ്മിൽ ഒരു റോഡിന്റെ വേർപാട്. ഞങ്ങളുടെ മാലിക്ക് (പുറംപോക്ക്) അപ്പച്ചൻ പതിച്ചെടുത്തതാണ്. ആൾക്കാർ അവിടെ തിരക്കായി വലിയ ബഹളം! അവിടെ നിന്നാൽ ആറിന്റെ നൂറ്റിഎൺപത് ഡിഗ്രി 'വ്യൂ' കിട്ടും.

ഞാനും, രാമനും, അങ്കിളും മുൻപന്തിയിൽ നല്ല കാഴ്ചകിട്ടുന്നിടത്ത് കാലുറപ്പിച്ചു.

ആറ്റിൽ നല്ല ട്രാഫിക്ക്! പല തരം വള്ളങ്ങൾ, ബോട്ടുകൾ! ഒരു ബോട്ടിന്റെ മുകളിൽ ഒരാൾ ഉച്ചഭാഷിണിയിൽ "കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ" പാട്ട് കാളരാഗത്തിൽ തട്ടിവിടുന്നു! നല്ലവണ്ണം മിനിങ്ങിയിട്ടുണ്ടെന്നു തീർച്ച! നിൽപ്പ് സ്റ്റെഡിയല്ല! അട്ടഹാസം! ചൂളമടി കൂക്കുവിളി!

ഉച്ചത്തിൽ ഒരു വിദ്വാൻ, "എടാ, റാഫീ, അതു നിനക്ക് ഹിന്ദിയിൽ പാടാമോടാ?"

വേറൊരുവിദ്വാൻ, "പമ്പാ മേ മോരു നാച്ചാ കിസി കി ന ദേഖാ!" അങ്കിൾ, "സണ്ണീ, ഇതു വള്ളം കളിയല്ല. വെള്ളം കളിയാണ്!"

പടിഞ്ഞാറോട്ടുനോക്കി. തേവേരിക്കടവിൽ "ഷോട്ട്" ഉൾപ്പെടെ ചുണ്ടൻ വള്ളങ്ങൾ അണിനിരന്നിട്ടുണ്ട്.

ചുണ്ടൻമാർ, ആറ്റിന്റെ അക്കരെയിക്കരെ, വലിച്ചു മുറുക്കിയ കയറിൽ മുട്ടി മുട്ടി നിൽക്കുകയാണ്

വെടിപൊട്ടുമ്പോൾ ഓട്ടം തുടങ്ങും

നിമിഷങ്ങൾ! വെടി!!

വള്ളങ്ങൾ മുൻപോട്ട് "കുതിച്ചു കുതിച്ചു പായും, കുതിരകൾ പോലെ!"

ഷോട്ട്, അൽപ്പം പുറകിൽ!

അതിന്റെ തുഴക്കാർക്ക് ചങ്കുറ്റമുണ്ട്!

കാണികൾ ആർത്തു, "ഷോട്ട് , ഷോട്ട്, ഷോട്ട്!"

ആവേശം! ഷോട്ട് പെട്ടന്ന് മുൻനിരയിൽ!

ഒപ്പത്തിനൊപ്പം! ആർക്കും ജയിക്കാം!

പാട്ടും താളവും മുറുകി! തുഴക്കാർ ആഞ്ഞാഞ്ഞു വലിച്ചു! ഷോട്ട് മുന്നിൽ !

കാരണം ചവിട്ടിപ്പാടുന്ന, നിരണം തോമസിന്റെ ആവേശം!

ഷോട്ടു വിജയിച്ചു! വീണ്ടും!

നാൽപ്പത് വർഷങ്ങൾക്കുശേഷം തുരുമ്പിച്ച ഓർമ്മകൾ!

ഞാൻ നിറഞ്ഞ കണ്ണാൽ മന്ത്രിച്ചു, "രാമൻകുട്ടീ നീ ഇനിയും എന്തിനെന്നെ കരയിക്കുന്നു....!"



- Nayana Avinash



